# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 3501 — 12/05/2017 -ൽ മറുപടിയ്ക്ക്.

## പാൽ ഉത്പാദനത്തിൽ സ്വയംപര്യാപ്തത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ.രാമചന്ദ്രൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) കേരളം പാൽ ഉത്പാദനത്തിൽ സ്വയംപര്യാപ്തമാണോ എന്ന് വിശദീകരിക്കുമോ, കേരളത്തിൽ മിൽമ പ്രതിവർഷം എത്ര ലിറ്റർ പാൽ വിൽപന നടത്തുന്നുവെന്നും എത്ര പാൽ സംഭരിക്കുന്നുവെന്നും വ്യക്തമാക്കുമോ, | (എ) കേരളത്തിന് ആവശ്യമുള്ള പാലിന്റെ 70 മുതൽ 75 ശതമാനം വരെ ആഭ്യന്തരമായി ഉല്പാദിപ്പിക്കപ്പെടുന്നു എന്ന് കണക്കാക്കപ്പെടുന്നു.<br><br>2016-17 വർഷത്തിൽ 60.26 കോടി ലിറ്റർ പാൽ ക്ഷീരസഹകരണ സംഘ ങ്ങൾ മുഖേന സംഭരിക്കുകയും ഇതിൽ 37.79 കോടി ലിറ്റർ പാൽ മിൽമയ്ക്ക് നൽകുകയും 22.47 കോടി ലിറ്റർ പാൽ സംഘങ്ങൾ പ്രാദേശിക വിപണനം നടത്തുകയും ചെയ്തിട്ടുണ്ട്.<br><br>മിൽമയുടെ ശരാശരി പ്രതിദിന വിൽപന 13.15 ലക്ഷം ലിറ്റർ പാൽ ആണ്. മേഖലാ യൂണിയനുകളിലൂടെ പ്രതിദിനം മിൽമ സംഭരിക്കുന്നത് ശരാശരി 10.47 ലക്ഷം ലിറ്റർ പാലാണ്. |
| (ബി) പാലോ പാൽ ഉല്പന്നങ്ങളോ മിൽമ അന്യസംസ്ഥാനങ്ങളിൽ നിന്ന് സംഭരിക്കുന്നുണ്ടോ, വിശദീകരിക്കുമോ, | (ബി) മിൽമ മേഖലാ യൂണിയനുകൾ വഴി സംഭരിക്കുന്ന പാലിന് പുറമെ വിപണി നിലനിർത്തുന്നതിനുവേണ്ടി അധികം പാൽ ആവശ്യമായ സാഹചര്യത്തിൽ തമിഴ് നാട്, കർണ്ണാടക തുടങ്ങിയ സഹകരണ |

ക്ഷീരഫെഡറേഷനുകളിൽ നിന്നും കേന്ദ്രീകൃത സംവിധാനത്തിലൂടെ പാൽ വാങ്ങുന്നുണ്ട്. ഇത് പാൽ സംഭരണമല്ല.

(സി) വേനൽ കടുത്തതോടെ പാൽ സംഭരണത്തിൽ കുറവുണ്ടായിട്ടുണ്ടോ, ഉണ്ടെങ്കിൽ എത്രയെന്ന് വിശദീകരിക്കുമോ?

(സി) വേനൽ കടുത്തതോടെ പാൽ സംഭരണത്തിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടില്ല.

കടുത്ത വേനൽ അനുഭവപ്പെട്ട 2017 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ മിൽമയുടെ ആഭ്യന്തര സംഭരണത്തിൽ ഏതാണ്ട് 4.62 ശതമാനം കുറവുണ്ടായിട്ടുണ്ട്. എന്നാൽ ഏപ്രിൽ മാസത്തിൽ മിൽമയുടെ ആഭ്യന്തര സംഭരണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.